**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1094** **31-01-2024 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മുൻസിപ്പാലിറ്റിക്ക് കീഴിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി മുൻസിപ്പാലിറ്റിക്ക് കീഴിൽ കിഫ്ബി ധനസഹായത്തോടെ 108 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കൊണ്ടോട്ടി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി വിപുലീകരണത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 108.69 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി 25/06/2019 ൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി 5 പാക്കേജുകളിലായി നടപ്പിലാക്കി വരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിലവിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | മേൽ പറഞ്ഞ കുടിവെള്ള വിതരണ പദ്ധതിയുടെ ഭാഗമായുള്ള 5 പാക്കേജുകളിൽ 4 പാക്കേജുകളിലേയും പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളതാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി എൻ.എച്ച്.എ.ഐ. (നാഷണൽ ഹൈവേ അതോറിറ്റിയുടെ ഓഫ് ഇന്ത്യ) യുടെ അധീനതയിലുള്ള എൻ.എച്ച് 966 ൽ റോഡ് കട്ടിംഗ് അനുമതിക്കായി നിരവധി തവണ എൻ.എച്ച്.എ.ഐ അധികൃതരെ സമീപിച്ചെങ്കിലും അനുമതി ലഭിക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചതിൻ പ്രകാരം കോടതി ഉത്തരവനുസരിച്ച് ഈ പ്രവൃത്തിയിൽ നിന്നും കരാറുകാരൻ ഒഴിവാക്കപ്പെട്ടു. നിലവിൽ എൻ.എച്ച് 966 ൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി HDD രീതിയിൽ സ്ഥാപിക്കാൻ അനുവാദം ലഭ്യമായിട്ടുണ്ട്. ആയതിൻറെ 20,15,500/- രൂപയുടെ ബാങ്ക് ഗ്യാരണ്ടി ലഭിക്കുന്നതിനായി കിഫ്ബിയിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകേണ്ടതുണ്ട്.<br><br>കൂടാതെ മേൽ പറഞ്ഞ പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിന് ഇരട്ടമുഴിയിലെ റോ വാട്ടർ പമ്പ് ഹൗസിലേക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതുണ്ട്. ആയതിന് കെ.എസ്.ഇ.ബി യിൽ അപേക്ഷ സമർപ്പിച്ചിരുന്നു. വൈദ്യുതി കണക്ഷൻ ലഭിക്കണമെങ്കിൽ കെ.എസ്.ഇ.ബി അരീക്കോട് സബ് സ്റ്റേഷനിൽ |

| | | | |
|---|---|---|---|
| | | | നിന്നും പ്രസ്തുത റോ വാട്ടർ പമ്പ് ഹൗസിലേക്ക് ഡെഡിക്കേറ്റഡ് പവർ ലൈൻ സ്ഥാപിക്കുന്നതിനായി 1,78,40,633/- രൂപയുടെ എസ്റ്റിമേറ്റ് നൽകുകയുണ്ടായി. പ്രസ്തുത തുക ലഭിക്കുന്നതിന് കിഫ്ബിയിലേക്ക് പ്രത്യേക പാക്കേജ് ആയി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക ലഭ്യമാകേണ്ടതുണ്ട്.<br><br>കൂടാതെ വൈദ്യുതി കണക്ഷൻ നൽകണമെങ്കിൽ നിലവിലെ ജലശുദ്ധീകരണ ശാലയുടെയും ഇരട്ടമുഴിയിലുള്ള റോ വാട്ടർ പമ്പ് ഹൗസിലേയും കുടിശ്ശികയായ 6,90,50,138/- രൂപ അടവാക്കണമെന്നും കെ.എസ്.ഇ.ബി ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്യുവാൻ മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. |
| (സി) | പ്രസ്തുത മുൻസിപ്പാലിറ്റിയിലെ എൻ.എച്ച്. കോളനിയിലുൾപ്പെടെ ഉയർന്ന പ്രദേശത്തേക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള ഫെയിസ് -2 യിൽ പാക്കേജ് 3 (b) പദ്ധതിയുടെ ടെൻഡർ പലപ്രാവശ്യം നടത്തിയിട്ടും ആരും എടുക്കാത്തത് കാരണം പദ്ധതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ; | (സി) | ഉണ്ട്. പ്രസ്തുത പ്രവൃത്തി നിരവധി തവണ ദർഘാസ് ചെയ്തെങ്കിലും ആരുംതന്നെ ടെണ്ടറിൽ പങ്കെടുത്ത് പ്രവൃത്തി ഏറ്റെടുത്തിട്ടില്ല. |
| (ഡി) | എങ്കിൽ ഇതിനുള്ള കാരണം കണ്ടെത്തി ആവശ്യമായ ഭേദഗതി വരുത്തി ടെൻഡർ ഉറപ്പിക്കുന്നതിനും പദ്ധതി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | പ്രവൃത്തിക്കാവശ്യമായ എല്ലാ ഘടകങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി 06/02/2024 അവസാന തീയതിയായി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| | | | | അനുബന്ധം | |
|---|---|---|---|---|---|
| | | | | | |
| | | | | | |

## Kerala Water Authority, Project Division, Malappuram

**- KIIFB - KONDOTTY Constituency**

**Name of Protect:Improvement of WSS to Kondotty Municipality**

**AS No & Date : Go(MS) No 58/2018/WRD Dated 03.11.2018 Amount:Rs 10869.80Lakh**

| Packages | Name of work | TS amount in lakhs | TPAC & APAC | Agt No | Status |
|---|---|---|---|---|---|
| Package I | construction of 19 MLD water treatment palnt- 600 mm DI K9 raw water pumping main - 270 HP VT raw wate pumpset | TS No:5128/2019-20<br>Dated 05.11.2019<br>Rs 1685 Lakh | TPAC Rs 15,04,33,998/-<br><br>APAC Rs 13,35,,00,000/-<br>11.26% below | SE/PHC/MPM/05/2020-21<br>Dated 28.07.2020 | 99% Completed |
| Package II | Construction of 6LL Capacity OHSR at Chemmalaparamba, 8 LL Capacity OHSR Melengadi, Laying Transmission mains to various reserviours and distribution to zone 4 Melangadi | TS No:5236/2020-21<br>Dated 10.08.2020<br>Rs 1304 Lakh | TPAC Rs 11,63,41,242/-<br><br>APAC Rs 10,94,99,924/-<br>5.88% below | SE/PHC/MPM/38/2020-21<br>Dated 14.01.2021 | 91% Completed |
| Package II A | Construction of 14LL Capacity OHSR at Kumbalapara, supplying and laying pumping main from WTP to Kumbalapara, laying gravity mains to various reserviours, supply, errection and commiisioning of clear water pump set at WTP site | TS No:9135/2020-21<br>Dated 13.10.2020<br>Rs 1490 Lakh | TPAC Rs 13,30,19,515/-<br><br>APAC Rs 12,22,47,904/-<br>8.10% below | SE/PHC/MPM/45/2020-21<br>Dated 09.02.2021 | 99% Completed |
| Package III A | Laying distribution system for Zone 1,2 &3 and laying transmission main to various service reservoirs | TS No:5127/2019-20<br>Dated 05.11.2019<br>Rs 3762 Lakh | TPAC Rs 33,58,73,102/-<br><br>APAC Rs 30,72,53,722/-<br>8.52% below | SE/PHC/MPM/01/2020-21<br>Dated 03.04.2020 | 100% Completed |
| Package III B | Supply and laying distribution system to zone 5A,5B, 6 and 7 and Laying pumping main and gravity mains and distribution system to Cheruppady and Moochikundu zone, | TS No:17195/20-21<br>Dated 31.01.2022<br>Rs 2031 Lakh | | | Work re tendered |